# ക്വിറ്റ് കേരള പ്രക്ഷോഭം ശക്തമാകുന്നു

**ഗിരീഷ്**

'എ. ഡി. ബി. കേരളം വിട്ടുക്' എന്ന മുദ്രാവാക്യവുമായി സംസ്ഥാനതലത്തിൽ നടക്കുന്ന ക്വിറ്റ് കേരളാ പ്രക്ഷോഭത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സത്യാഗ്രഹസമരങ്ങൾ രൂപം കൊണ്ടു. സത്യാഗ്രഹികൾ സ്വന്തം സന്നദ്ധതയനുസരിച്ച് പരമാവധി ദിവസങ്ങൾ നിരാഹാരമനുഷ്ഠിക്കുന്നു. തുടർച്ചയായ സമരമെന്ന നിലയിലാണ് സത്യാഗ്രഹ സമരച്ചങ്ങല രൂപം കൊള്ളുന്നത്.

പ്രമുഖ മനുഷ്യാവകാശപ്രവർത്തകയായ ഡോ. ജയശ്രീ ആഗസ്റ്റ് 1ന് നിരാഹാരമാരംഭിച്ചതോടെ ഉദ്ഘാടനം ചെയ്യപ്പെട്ട സമരച്ചങ്ങലയിൽ എം. പി. മുരുകരാജ്, മൈത്രേയൻ, നളിനി, രേഷ്മ, ജെറോം ഫെർണാണ്ടസ് തുടങ്ങിയവരും കണ്ണികളായി. ഒരു സമയത്ത് ഒരാൾ എന്ന നിലയിൽ ആരംഭിച്ച സമരച്ചങ്ങല പിന്നീട് രണ്ടുപേർ എന്ന നിലയിലേക്ക് വിപുലീകരിച്ചു.

സമരത്തിന്റെ ഭാഗമായി ആഗസ്റ്റ് 24ന് കൂട്ട നിരാഹാരം സംഘടിപ്പിച്ചു. എന്നാൽ 25ന് പുലർച്ചെ ഏഴ് മണിക്ക് പോലീസ് സത്യാഗ്രഹ ഷെഡ്ഡ് പൊളിക്കുകയും സത്യാഗ്രഹികളേയും പ്രവർത്തകരേയും അറസ്റ്റ് ചെയ്യുകയും ചെയ്തു. റിമാൻഡിലായിരുന്ന ഇവരെ വൈകീട്ടാണ് വിട്ടയച്ചത്.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് വായ്പയിൽ നിന്ന് സർക്കാർ പിൻവാങ്ങണമെന്നും കേരളത്തിന്റെ സ്വാശ്രയത്വം സംരക്ഷിക്കണമെന്നുമാവശ്യപ്പെട്ട് 'കേരള മെമ്മോറിയൽ' എന്ന പേരിൽ മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്ന ജനകീയ നിവേദനം രൂപപ്പെടുത്തുന്ന പ്രവർത്തനങ്ങളും ക്വിറ്റ് കേരള പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്നു വരികയാണ്. ആഗസ്റ്റ് 9ന് കാസർകോഡ് നിന്ന് തിരുവനന്തപുരത്തേക്ക് പര്യടനമാരംഭിച്ച 'ക്വിറ്റ് കേരളാ പ്രക്ഷോഭ ജാഥ'യുമായി ബന്ധപ്പെട്ട് ജനകീയ നിവേദനത്തിൽ ഒപ്പുശേഖരണ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.

സമരത്തിന്റെ ഭാഗമായി സെപ്റ്റംബർ 7ന് എ. ഡി. ബി. വിരുദ്ധ സമ്മേളനവും റാലിയും സംഘടിപ്പിക്കുന്നുണ്ട്.